

**Jalada Translation Issue 01 : Ngugi wa Thiong'o**

**നിവർന്ന് നിൽക്കൽവിപ്ലവം അഥവാ മനുഷ്യർ രണ്ട് കാലിൽ നടക്കുന്നത് എന്തുകൊണ്ട്?**

ഗൂഗി വ തിയാംഗൊയുടെ ചെറുകഥ

**ഇംഗ്ലീഷിൽ നിന്നും വിവർത്തനം ചെയ്തത്**
**ഡോക്ടർ സാജിത മണ്ണുമ്മൽ അഹമ്മത്കുട്ടി**

വളരെകാലങ്ങൾക്ക് മുമ്പ് മനുഷ്യൻ മറ്റു നാൽക്കാലികളെ പോലെ കൈയ്യും കാലും ഉപയോഗിച്ചാണ് നടന്നിരുന്നത്. അന്ന് മനുഷ്യന് മുയൽ, പുള്ളിപ്പുലി, കണ്ടാമൃഗം എന്നിവയേക്കാൾ വേഗതയുണ്ടായിരുന്നു. മനുഷ്യന്റെ കൈകാലുകൾ അന്ന് മറ്റേതവയവത്തേക്കാളും അടുത്തായാണ് സ്ഥിതി ചെയ്തിരുന്നത്. അവർക്ക് തത്തുല്യമായ സന്ധികൾ ഉണ്ടായിരുന്നു: തോളും അരയും; കൈമുട്ടും കാൽമുട്ടും; ഞെരിയാണിയും കണങ്കൈയ്യും; അഞ്ച് നഖങ്ങളുള്ള വിരലുകളോട് കൂടിയ കാൽപാദവും കൈപ്പത്തിയും. കൈകാലുകളിലെ വിരലുകൾ സമാനമായ രീതിയിലായിരുന്നു വിന്യസിച്ചിരുന്നത്- തള്ളവിരൽ മുതൽ ചെറുവിരൽ വരെ. കാലിന്റെ തള്ളവിരൽ പോലെ കൈയ്യിന്റെ തള്ളവിരൽ മറ്റു വിരലുകളുടെ അടുത്തുതന്നെയായിരുന്നു. കാലും കൈയ്യും ഒന്നാമത്തെ മച്ചുനിയന്മാർ എന്നാണ് പരസ്പരം സംബോധന ചെയ്തിരുന്നത്. ശരീരത്തിന് എവിടെ പോകണമെങ്കിലും കൈയ്യും കാലും പരസ്പരം സഹായിച്ചിരുന്നു.

അങ്ങാടിയിലേക്കും കടകളിലേക്കും മരങ്ങളുടെയും മലകളുടെയും മുകളിലേക്കും താഴേക്കും എന്നു വേണ്ട ചലനം ആവശ്യപ്പെടുന്ന എവിടെയും ശരീരത്തെ എത്തിക്കാൻ അവർ പരസ്പരം സഹായിച്ചു. ശരീരത്തിന് നീന്താനും മലർന്ന് കിടക്കാനും ഊളിയിടാനും കഴിവ് നൽകുന്ന വിധം വെള്ളത്തിലും അവർ സുഗമമായി പ്രവർത്തിച്ചു. ജനാതിപത്യപരവും സമത്വവാദാധിഷ്ഠിതവുമായിരുന്നു അവരുടെ ബന്ധം. അവർക്ക് മറ്റു അവയവങ്ങളുടെ സേവനങ്ങളും കടം വാങ്ങാമായിരുന്നു. ഉദാഹരണത്തിന് വായയിൽ നിന്ന് ശബ്ദവും, ചെവിയിൽ നിന്ന് കേൾവിയും, മൂക്കിൽ നിന്ന് ഗന്ധവും, കണ്ണിൽ നിന്ന് കാഴ്ചയും.

താളമൊത്തതും വിള്ളലില്ലാത്തതുമായ അവരുടെ ഏകോപനം മറ്റു അവയവങ്ങളെ അസൂയകൊണ്ട് വീർപ്പുമുട്ടിച്ചു. അവരുടെ പ്രത്യേക കഴിവുകൾ മച്ചുനിയന്മാർക്ക് കടം കൊടുക്കുന്നതിൽ അവർ അമർഷം പ്രകടിപ്പിച്ചു. അസൂയകൊണ്ട് അവർ അന്ധരായി. അവർ കൈയ്ക്കും കാലിനുമെതിരായി ഗൂഢാലോചന നടത്തി.

നാവ് തലച്ചോറിൽ നിന്നും ഒരു ആശയം കടം വാങ്ങി അത് പെട്ടെന്നു തന്നെ നടപ്പിലാക്കി. കാലിന്റെയും കൈയുടെയും ആപേക്ഷിക ശക്തിയെക്കുറിച്ച് അത്ഭുത പ്പെട്ടുകൊണ്ട് നാവ് ഉറക്കെ ചോദിച്ചു. ‘‘ആരാണ് നിങ്ങളിൽ കൂടുതൽ ശക്തിമാൻ ?’’ അതുവരെ തങ്ങളുടെ സുഹൃത്തിന് എന്തുണ്ടെന്നോ എന്തു ചെയ്യാൻ കഴിയുമെന്നോ ചി ന്തിക്കാതിരുന്ന ഈ രണ്ടു മച്ചുനിയൻമാർ വായയിൽ നിന്നും ശബ്ദം കടം വാങ്ങിയശേ ഷം തങ്ങൾ ഓരോരുത്തരും മറ്റേയാളേക്കാൾ ശരീരത്തിന് വേണ്ടപ്പെട്ടവരാണെന്ന് അവ കാശപ്പെടാൻ തുടങ്ങി. ഇത് മറ്റു ചോദ്യങ്ങളിലേക്ക് കൂടി വഴിയൊരുക്കി. "ആർക്കാണ് കൂടുതൽ സൗന്ദര്യം?’’ എന്നായിരുന്നു അടുത്ത സംശയം. കൈ തന്റെ മെലിഞ്ഞു നീ ണ്ട വിരലുകളെ കുറിച്ച് ആത്മപ്രശംസ നടത്തുന്നതിനോടൊപ്പം കാലിന്റെ തടിച്ചുനീണ്ട ഉയരമില്ലാത്ത വിരലുകളെക്കുറിച്ച് പരിഹാസപൂർവ്വം വ്യാഖ്യാനം നടത്തുകയും ചെയ്തു. അതേസമയം തോൽക്കാൻ മനസ്സില്ലാത്ത കാൽ, മെലിഞ്ഞ കൈവിരലുകളെ പട്ടിണികിടക്കുന്ന മച്ചുനിയൻ എന്ന് വിളിച്ചു അവഹേളിച്ചു! ഇത് കുറച്ച് ദിവസം നീണ്ടു നിന്നു. ഫലപ്രദമായി പ്രവർത്തിക്കാനുള്ള അവരുടെ കഴിവിനെ പ്രതികൂലമായി ബാധി ക്കുകയും ചെയ്തു. അവസാനം അധികാരവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ എത്തി ച്ചേർന്നു. ഒടുവിൽ അവർ മറ്റു അവയവങ്ങളോട് മദ്ധ്യസ്ഥത വഹിക്കുന്നതിന് ആവശ്യ പ്പെട്ടു.

ഒരു മത്സരം ആകാമെന്ന നിർദ്ദേശം മുന്നോട്ടു വെച്ചത് നാവായിരുന്നു. വളരെ നല്ല ആശയം! എല്ലാവരും അത് സമ്മതിച്ചു. പക്ഷേ, എന്തു മത്സരം? ഗുസ്തി മത്സരമാ കാമെന്ന് ചിലർ അഭിപ്രായപ്പെട്ടു. കാലും കൈയ്യും തമ്മിലുള്ള ഗുസ്തി. മറ്റു പല ആശ യങ്ങളും ഉരുത്തിരിഞ്ഞു വന്നു. വാൾപോരാട്ടം, ചെപ്പടിവിദ്യ, ഓട്ടമത്സരം, ചതുരംഗം പോലുള്ള മത്സരങ്ങൾ. പക്ഷേ ഓരോ മത്സരവും ഓരോ അവയവങ്ങൾക്ക് ബുദ്ധിമുട്ടായ തുകൊണ്ടോ നീതിയുക്തമല്ലാത്തതുകൊണ്ടോ നിരസിക്കപ്പെടുകയാണുണ്ടായത്. വീണ്ടും നാവ് തന്നെയാണ് തലച്ചോറിൽ നിന്ന് ആശയം കടമെടുത്ത് ഒരു ലളിതമായ പരിഹാരമാർഗ്ഗം നിർദ്ദേശിച്ചത്. ഓരോ അവയവവും മാറിമാറി ഓരോ വെല്ലു വിളിയുമായി വരണം. ഈ ആശയം കാലും കൈയും അംഗീകരിച്ചു.

പുഴയ്ക്കടുത്തുള്ള കാട്ടിലെ പ്രസന്നമായ ഒരു സ്ഥലത്ത് വെച്ച് മത്സരം നടന്നു. ആന്തരികസംഘട്ടനത്തിൽ ഏർപ്പെട്ടതുകൊണ്ട് ശരീരത്തിന് അപ്രതീക്ഷിതമായി അനുഭ വപ്പെടാവുന്ന അപകടത്തെകുറിച്ച് എല്ലാ അവയവങ്ങളും അതീവ ജാഗ്രത പുലർത്തി. കണ്ണുകൾ വിദൂരതയിൽ നിന്നും വരുന്ന ഏറ്റവും ചെറുതായ അപകടത്തെപ്പോലും സൂ ക്ഷ്മമായി നിരീക്ഷിച്ചു. ചെവികൾ ദൂരത്തുനിന്നും വരുന്ന ഏറ്റവും ചെറിയ ശബ്ദത്തെ പോലും ശ്രദ്ധിച്ചു. നിരീക്ഷിക്കുന്ന കണ്ണുകളിൽ നിന്നും ശ്രവിക്കുന്ന ചെവികളിൽ നിന്നും വഴുതി പോകുന്ന അപകടത്തെ ചെറുക്കാൻ മൂക്ക് അതിന്റെ നാസാദ്വാരങ്ങൾ വൃത്തിയാക്കി. അപകടത്തെ ആർപ്പുവിളിച്ചാക്രോശിക്കുവാൻ നാവും തയ്യാറായി.

കാടിന്റെയും വെള്ളത്തിന്റെയും വായുവിന്റെയും നാലുമൂലകളിലേക്ക് മത്സരത്തിന്റെ വാർത്ത കാറ്റിലൂടെ പടർന്നു. ആദ്യമായി ഒത്തുകൂടിയത് നാൽകാലികളായിരുന്നു. സമാധാന സൂചകമായാണ് ആഗമനം എന്നു കാണിക്കുവാനായി പച്ചമരക്കൊമ്പുകളുമായാണ് വലിയമൃഗങ്ങൾ എത്തിയത്. അത് വർണ്ണശബളമായ ഒരു ഒത്തുകൂടലായിരുന്നു: പുള്ളിപുലി, ചെമ്പുലി, സിംഹം, കാണ്ടാമൃഗം, കഴുതപ്പുലി, ആന, ഒട്ടകപ്പുള്ളിമാൻ, ഒട്ടകം, വലിയകൊമ്പുള്ള പശു, ചെറിയകൊമ്പുള്ള പോത്ത്, കൃഷ്ണമൃഗം, ചെറുമാൻ മുയൽ, പെരുച്ചാഴി, എലി എന്നിവർ എത്തിയിരുന്നു. ജലജന്തുക്കളായ നീർക്കുതിര, മത്സ്യം, മുതല, എന്നിവർ അവരുടെ ശരീരത്തിലെ മുകൾഭാഗം കരയിലും മറുഭാഗം പുഴയിലുമാക്കി കിടന്നു. ഇരുകാലികളായ ഒട്ടകപക്ഷി, ഗിനിക്കോഴി, മയിൽ  എന്നിവർ അവരുടെ ചിറകുകൾ  അതിശയത്തോടെ ചലിപ്പിച്ചു. പക്ഷികൾ മരത്തിൽ നിന്നും ചിലച്ചു. ചീവീട് മുഴുവൻ സമയവും പാട്ടുപാടി. എട്ടുകാലി,പുഴു, പഴുതാര, തേരട്ട എന്നിവർ നിലത്തും മരങ്ങളിലും മാറി മാറി ഇഴഞ്ഞു. ഓന്ത് സമയമെടുത്ത് ഗൂഢമായി ശ്രദ്ധയോടെ നടന്നു. എന്നാൽ പല്ലി എവിടെയും അടങ്ങിയിരിക്കാതെ ഓടികൊണ്ടിരുന്നു. കുരങ്ങനും ആൾകുരങ്ങൻമാരായ ഗറില്ലയും ചിമ്പാൻസിയും മരത്തിന്റെ ഒരു കൊമ്പിൽ നിന്നും മറ്റൊന്നിലേക്ക് ചാടി– മരങ്ങളും കുറ്റിച്ചെടികളും ഒരു ഭാഗത്തുനിന്നും മറുഭാഗത്തേക്ക് ചാഞ്ഞു, വണങ്ങി, പിന്നെ നിശ്ചലമായി നിന്നു. വായ മത്സരം ഒരു ഗാനത്തോടെ തുടങ്ങി:

സന്തോഷിക്കാൻ ഞങ്ങൾ ഇതു ചെയ്യുന്നു
സന്തോഷിക്കാൻ ഞങ്ങൾ ഇതു ചെയ്യുന്നു
സന്തോഷിക്കാൻ ഞങ്ങൾ ഇതു ചെയ്യുന്നു
എന്തെന്നാൽ, ഞങ്ങൾ
ഒരേ പ്രകൃതിയിൽ നിന്നും വരുന്നു

കൈയ്യും കാലും മത്സരഫലം ഐക്യകണ്ഠേന അംഗീകരിക്കുമെന്ന് പ്രതിജ്ഞ ചെയ്തു; ഒരു ക്രോധാവേശവും , ഭീഷണിയും ബഹിഷ്കരണവും സമരവുമില്ലാതെ. ആദ്യത്തെ വെല്ലുവിളി കൊടുത്തത് കൈകളാണ്. അവർ ഒരു മരകഷ്ണം നിലത്തെറിഞ്ഞു. ആ മരകഷ്ണം, ഇടത്തെയോ വലത്തെയോ കാൽ, അല്ലെങ്കിൽ രണ്ടുകാലുകളും കൂടിചേർന്ന് നിലത്തുനിന്നെടുത്ത് വലിച്ചെറിയണം. രണ്ടു കാലുകൾക്കും പരസ്പരം കൂടിയാലോചിക്കാം മത്സരത്തിന്റെ ഏതു സമയത്തും അവർക്ക് അവരുടെ കാൽ വിരലുകളെ വിന്യസിക്കാം. ഒറ്റക്കോ കൂട്ടത്തോടെയോ ഏതു ക്രമത്തിലും അവരെ ആശ്രയിക്കാം. അവർ അത് മറിച്ചിടുവാൻ ശ്രമിച്ചു. തള്ളാൻ ശ്രമിച്ചു. അവർ എല്ലാവിധ ശ്രമങ്ങളും നടത്തി. എന്നാൽ അത് ശരിക്ക് എടുത്ത് പൊക്കുവാൻ സാധിച്ചില്ല. ചലിപ്പിക്കുന്ന പ്രയത്നത്തിൽ അവർക്ക് ആകെക്കൂടെ സാധിച്ചത് മരകഷ്ണത്തെ കുറച്ച് ഇഞ്ച്

ദൂരത്തേക്ക് മാത്രം തട്ടിനീക്കാനാണ്. ഇത് കണ്ടുനിന്ന വിരലുകൾ വായയിൽ നിന്ന് ശബ്ദം കടമെടുത്ത് ചിരിച്ചുകൊണ്ടേയിരുന്നു. വെല്ലുവിളി നടത്തിയ കൈകൾ ഒരു സൗന്ദര്യമത്സരത്തിൽ എന്നപോലെ അവരുടെ മെലിഞ്ഞ രൂപം ദൃശ്യമാകുന്ന രീതിയിൽ ആഡംബര പ്രകടനം നടത്തി. പിന്നെ പലതരത്തിൽ ആ മരകഷ്ണം എടുത്തുയർത്തി. കാണികളുടെയും മത്സരാർത്ഥികളുടെയും അഭിനന്ദനം ഏറ്റുവാങ്ങികൊണ്ട് അവർ അത് വീണ്ടും കാടിന്റെ വിദൂരതയിലേക്ക് എറിഞ്ഞു. അവർ മറ്റു കഴിവുകളും പ്രകടിപ്പിച്ചു. ഒരു പാത്രത്തിലുള്ള അരിയിൽ നിന്നും വളരെ ചെറിയ മണൽത്തരികളെ അവർ പെറുക്കിയെടുത്തു. അവർ സൂചിയിൽ നൂൽ കോർത്തു. വലിയ മരത്തടികൾ ഉയർത്തുവാൻ അവർ ചെറിയ കപ്പികളുണ്ടാക്കി.

അവർ ശൂലങ്ങൾ ഉണ്ടാക്കി വളരെ ദൂരത്തേക്ക് എറിഞ്ഞു. അവരുടെ ചലനങ്ങളും പ്രവൃത്തികളും കാൽ വിരലുകൾക്ക് സ്വപ്നം കാണാൻ മാത്രം സാധിക്കുന്നതായിരുന്നു. അവിടെയിരുന്ന് കാലുകൾക്ക് അവരുടെ മെലിഞ്ഞ മച്ചുനിയന്റെ വഴക്കവും നിപുണതയുമുള്ള പ്രകടനം കണ്ട് അതിശയപ്പെടുവാൻ മാത്രമാണ് സാധിച്ചത്. കൈകളുടെ അപാരമായ പ്രകടനം കണ്ട് അവരോടുള്ള ആദരസൂചകമായും അവയ്ക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ടും കാണികളുടെ കൈകൾ വർഗ്ഗബോധത്തോടെ ഉയർത്തിയ കൈയടി അവിടെ ഇടിമുഴക്കം സൃഷ്ടിച്ചു. ഇതു കാലുകളെ വല്ലാതെ അസ്വസ്ഥരാക്കി. എന്നാൽ അവർ വിട്ടുകൊടുക്കാൻ തയ്യാറായില്ല. തള്ളവിരൽ ചെറിയ വൃത്തങ്ങൾ വരച്ച് വിഷണ്ണരായിരുന്നാലും അവർ വിജയകരമായ ഒരു വെല്ലുവിളി ആസൂത്രണം ചെയ്യുകയായിരുന്നു.

ഒടുവിൽ കൈകളെ വെല്ലുവിളിക്കാൻ കാലിന്റെയും കാൽവിരലുകളുടെയും ഊഴമായി. അവരുടെ വെല്ലുവിളി വളരെ ലളിതമാണെന്ന് അവർ അവകാശപ്പെട്ടു. വൃത്തത്തിന്റെ ഒരറ്റത്തു നിന്നും മറ്റേ അറ്റത്തേക്ക് കൈകൾ ശരീരത്തിന്റെ മുഴുവൻ ഭാരവും വഹിച്ചു നടക്കണം. ഇതെന്തൊരു വിഢിത്തമായ വെല്ലുവിളിയെന്ന് ചിന്തിച്ചു, അഹങ്കാരികളായ വിരലുകൾ. അത് കാണേണ്ട ഒരു കാഴ്ചതന്നെയായിരുന്നു. ശരീരത്തിന്റെ എല്ലാ ഭാഗങ്ങളും തലകുത്തനെയായിരുന്നു. നിലത്തിനോടുള്ള സാമീപ്യം അവരുടെ കാഴ്ചയുടെ കോണുകളെ പരമിതപ്പെടുത്തി, പൊടിപടലങ്ങൾ മൂക്കിൽ പ്രവേശിച്ചു. മൂക്ക് തുമ്മാൻ തുടങ്ങി. കാലും കാൽ വിരലുകളും വായുവിൽ സഞ്ചരിച്ചു. കാണികൾ ആർത്തുല്ലസിച്ച് കളിയാക്കി പാടാൻ തുടങ്ങി:

ഉയർത്തുക, കാലുകളെ

ഒട്ടും പേടിക്കാതെ

ഉയർത്തുക, കാലുകളെ

പിന്തുടരുക, കാലുകളെ

പറക്കാം നമുക്കാകാശത്തിൽ!

പക്ഷേ അവരുടെ ശ്രദ്ധ കൈകളിലായിരുന്നു. കുറച്ച് നിമിഷങ്ങൾക്കു മുമ്പ് വിചിത്രപരമായ കഴിവുകൾ തെളിയിച്ചിരുന്ന അവയവങ്ങൾക്കിപ്പോൾ ഒരു ദണ്ഡം പോലും ചലിക്കാനായില്ല. കുറച്ച് നടക്കുമ്പോഴേക്കും കൈകൾ വേദനകൊണ്ട് കരയാൻ തുടങ്ങി. കൈകൾ പതറി ഉലഞ്ഞാടിക്കൊണ്ടിരുന്നു. ശരീരം വീഴാൻ തുടങ്ങി. കുറച്ചുനേരം വിശ്രമിച്ച് അവർ വീണ്ടും ശ്രമം തുടങ്ങി. ഈ അവസരം അവർ വിരലുകൾ നിരത്തി, നിലം മുറുക്കി പിടിക്കുവാൻ തുടങ്ങി. എന്നാൽ തള്ളവിരലുകൾക്ക് മാത്രമാണ് വിരൽ വിടർത്താൻ സാധിച്ചത്. അവർ വണ്ടിചക്രവിദ്യക്ക് ശ്രമിച്ചു. പക്ഷേ ആ ശ്രമവും അസാധുവായി. എന്തെന്നാൽ അതിന്റെ സമാപനത്തിന് കാലുകളെയും ഉൾപ്പെടുത്തണം. കാൽ വിരലുകൾക്ക് ചിരിക്കാനുള്ള ഊഴമായി, കൈവിരലുകളുടെ ദുർബലശബ്ദത്തിന്റെ വൈപരീത്യം പ്രകടിപ്പിക്കുവാനായി കാൽ വിരലുകൾ കനത്ത തൊണ്ട ശബ്ദങ്ങൾ വായയിൽ നിന്നും കടമെടുത്തു. പുച്ഛിക്കുന്നത് കേട്ടപ്പോൾ കൈകൾ വളരെ ദേഷ്യപ്പെട്ട് ശരീരത്തെ താങ്ങാനായി നിരാശാജനകമായ ഒരു ശ്രമവും കൂടി നടത്തി. അവർക്ക് ഒരടി പോലും നടക്കാനായില്ല. ക്ഷീണിതരായ കൈകളും വിരലുകളും ശ്രമം കൈയൊഴിഞ്ഞു. കാലുകൾക്ക് അവരുടെ കായികശേഷി പ്രകടിപ്പിക്കുവാൻഅവസരം ലഭിച്ചതിൽ സന്തോഷമായി. അവർ സമയം ക്രമീകരിച്ച് ശരീരം ഒരിക്കൽ പോലും വീഴാതെ കുതിച്ചു, ഓടി, പൊങ്ങിച്ചാടി, നീളത്തിൽ ചാടി. എല്ലാകാണികളുടെയും കാലുകൾ അംഗീകാരവും സഹാനുഭാവവും പ്രകടിപ്പിക്കുവാനായി നിലത്ത് മുദ്ര വെച്ചു. ഈ കായികാഭ്യാസ വൈദഗ്ദ്യവിരുദ്ധമായ പ്രവൃത്തിയിൽ പ്രതിഷേധം രേഖപ്പെടുത്തി കൈകൾ അവരുടെ കൈപൊക്കി, വളരെ സൗകര്യാർത്ഥം അവരാണ് ഈ കളി തുടങ്ങി വെച്ചതെന്ന് മറന്നുകൊണ്ട്.

പക്ഷേ അവരും മറ്റുകാണികളും ഒരു വിചിത്രമായ കാര്യം കൈകളിൽ കണ്ടു. ശരീരത്തെ താങ്ങാനുള്ള ശ്രമത്തിൽ വ്യാപിപ്പിച്ച തള്ളവിരൽ മറ്റു വിരലുകളിൽ നിന്നും അകന്നു പോയിരിക്കുന്നു. പ്രതിയോഗിയായ അവയവം അവരുടെ ചിരി പുനരാരംഭിക്കാൻ ശ്രമിക്കുമ്പോഴാണ് മറ്റൊരു കാര്യം ശ്രദ്ധയിൽപ്പെട്ടത്. തള്ളവിരലിന്റെ അകൽച്ച കൈകളെ ദുർബലപ്പെടുത്തി, അതേസമയം കൈകളുടെ മുറുക്കിപ്പിടിക്കുവാനുള്ള ശക്തി കൂടി. എന്താണിത്? വൈകൃതം ശക്തി രൂപീകരണത്തിലേക്ക് പരിവർത്തിക്കുന്നു.

വിജയിയെ തീരുമാനിക്കുവാനുള്ള തർക്കം അഞ്ചുദിവസം നീണ്ടുനിന്നു. ഓരോ കാലിന്റെയും കൈയുടെയും വിരലുകളുടെ എണ്ണം പോലെ. അവർ എത്ര ശ്രമിച്ചിട്ടും ശരിയായ വിജയിയെ പ്രഖ്യാപിക്കാനായില്ല. ഓരോ അവയവവും അവർ ചെയ്യുന്ന ജോലിയിൽ മികവുറ്റതായിരുന്നു. ഒന്നിന് മറ്റൊന്നില്ലാതെ ഒന്നും ചെയ്യാൻ സാധിക്കില്ലായിരുന്നു. തത്വചിന്താപരമായ ഒരു സഭായോഗം അവിടെ നടന്നു. ആത്യന്തികമായി, എന്താണ് ശരീരം? ഒടുവിൽ അവർ എല്ലാവരും കൂടുന്നത് തന്നെയാണ് ശരീരമെന്ന് അവർ തിരിച്ചറിഞ്ഞു. ശരീരം ഫലപ്രദമായി പ്രവർത്തിക്കുവാൻ അതിലെ ഓരോ അവയവവും നന്നായി പ്രവർത്തിക്കണം.

ഇതുപോലൊരു മത്സരം ഭാവിയിൽ ഒഴിവാക്കാനും ഒന്നു മറ്റൊന്നിന്റെ പ്രവർത്തന മേഖലയെ തടസ്സപ്പെടുത്താതിരിക്കുവാനും എല്ലാ അവയവങ്ങളും ഒരു കാര്യം അന്നു തീരുമാനിച്ചു. ഇനി ശരീരം നേരെ നിവർന്നാണ് നടക്കുക. കാൽപാദങ്ങൾ നിലത്തുറപ്പിച്ചും കൈകൾ വായുവിൽ വീശിയും. ഈ തീരുമാനം ശരീരത്തെ വളരെ സന്തോഷവാനാക്കി. എന്നാൽ കുട്ടികളെ നാലുകാലിൽ തന്നെ നടത്തുവാനും തീരുമാനിച്ചു. മനുഷ്യന്റെ ഉത്ഭവ ചരിത്രം മറക്കാതിരിക്കുവാനായി. കൈകാലുകൾ അന്ന് ജോലി വിഭജിച്ചു. കാലുകൾ ശരീരത്തിന്റെ ഭാരം വഹിക്കും. പക്ഷേ ലക്ഷ്യസ്ഥാനത്തെത്തിയാൽ കൈകൾ എല്ലാജോലികളും ചെയ്യണം. അത് ആയുധനിർമ്മാണമായാലും അത് കൈകാര്യം ചെയ്യലായാലും.

കാലുംകാൽപാദവും ശരീരത്തെ വഹിക്കുകയെന്ന ഭാരിച്ച പണി ചെയ്യുമ്പോൾ കൈകൾ അവരുടെ കഴിവുപയോഗിച്ച് പരിസ്ഥിതിയിൽ പ്രവർത്തിക്കും. ഭക്ഷണം വായയിൽ എത്തിയോയെന്ന് ഉറപ്പുവരുത്തും. വായ, പല്ലിന്റെ സഹായത്തോടെ ചവച്ച് തൊണ്ടയിലൂടെ അതിനെ വയറ്റിൽ എത്തിക്കും. വയർ അതിലെ എല്ലാ നല്ല വസ്തുക്കളെയും പിഴിഞ്ഞ് ശരീരത്തിന്റെ മുക്കിലും മൂലയിലും വിന്യസിക്കും. പിന്നെ ആമാശയം ഉപയോഗിച്ച് വസ്തുക്കളെ മാലിന്യ നിർമ്മാർജ്ജന വ്യവസ്ഥയിലേക്ക് മാറ്റും. അവിടെ നിന്ന് ശരീരം അത് പൊതുസ്ഥലത്ത് നിക്ഷേപിക്കും അല്ലെങ്കിൽ മണ്ണിന്റെ അടിയിൽ മണ്ണിനെ ഫലഭൂയിഷ്ടമാക്കാൻ കുഴിച്ചിടും. ചെടികൾ വളരും, പഴങ്ങൾ നിറയും. കൈകൾ അവ പൊട്ടിച്ച്  വായയിൽ ഇടും. ഓ, അതുതന്നെ, ജീവിതചക്രം.

കളികളും വിനോദങ്ങളും അതുപ്രകാരം പങ്കിട്ടുകൊടുത്തു. പാട്ട്, ചിരി, സംസാരം എന്നിവ വായക്ക് വിട്ടുകൊടുത്തു. ഓട്ടവും, സംഘപന്തുകളിയും കാലുകൾക്ക്; അതിന്റെയൊപ്പം ബേസ് ബോളും ബാസ്ക്കറ്റ്ബോളും കൈകൾക്ക് ; പക്ഷേ അതിന് കാലുകൾ വേണം ഓടാൻ കായികരംഗത്ത്  കാലുകൾക്ക് എല്ലാ മേഖലയിലും പ്രാതിനിധ്യമുണ്ടായിരുന്നു. ജോലിയുടെ വ്യക്തമായ വിഭജനം മനുഷ്യശരീരത്തെ ഒരു അതിഘോരമായ ജൈവയന്ത്രമാക്കി. വലിയമൃഗങ്ങളെ പോലും വെല്ലുന്ന രീതിയിൽ ഗുണത്തിലും അളവിലും കാര്യങ്ങൾ നേടാനുള്ള  അവസ്ഥയിലേക്ക് അവർ എത്തിച്ചേർന്നു.

എന്നിരിക്കെ, ഈ സ്ഥിരമായ സജ്ജീകരണവും കൂടുതൽ സംഘർഷവുമുണ്ടാക്കുമോയെന്ന് അവർ ഭയപ്പെട്ടു. ഉയർന്ന് നിൽക്കുന്ന തലക്ക് തോന്നാം നിലം തൊട്ടുനടക്കുന്ന കാൽപാദങ്ങളേക്കാളും അത് ശ്രേഷ്ഠമാണെന്നും അത് യജമാനനും മറ്റു അവയവങ്ങൾ അതിന്റെ വേലക്കാരുമാണെന്ന്. അവർ ഊന്നിപ്പറഞ്ഞു അധികാരത്തിന്റെ കാര്യത്തിൽ തലയും അതിന്റെ താഴെയുള്ള എല്ലാഭാഗങ്ങളും ഒരുപോലെയാണെന്ന്. ഇത് അടിവരയിട്ട് അവർ വീണ്ടും പ്രഖ്യാപിച്ചു. ഒരു ഭാഗത്തിന്റെ സുഖവും ദു:ഖവും മറ്റെല്ലാ ഭാഗങ്ങൾക്കും അനുഭവപ്പെടുമെന്ന്. അവർ വായയ്ക്ക് ശാസന നൽകി – 'എന്റെ, അത്, ഇത്' എന്ന് വ്യാഖ്യാനിക്കുമ്പോൾ വായ ഉദ്ദേശിക്കുന്നത് മുഴുവൻ ശരീരത്തെയാണെന്നും ഒരു പ്രത്യേക ശരീരഭാഗത്തെ മാത്രമല്ലായെന്നും. അവർ പാടി :

ഞങ്ങളുടെ ശരീരത്തിൽ

വേലക്കാരില്ല

ഞങ്ങളുടെ ശരീരത്തിൽ

വേലക്കാരില്ല

ഞങ്ങൾ പരസ്പരം സേവിക്കുന്നു

ഞങ്ങൾ, ഞങ്ങൾക്ക്

ഞങ്ങൾ പരസ്പരം സേവിക്കുന്നു

ഞങ്ങൾ, ഞങ്ങൾക്ക്

ഞങ്ങൾ പരസ്പരം സേവിക്കുന്നു

നാവ് – ഞങ്ങളുടെ സ്വരം

എന്നെ പിടിക്കൂ, ഞാൻ നിന്നെ പിടിക്കാം

ഞങ്ങൾ ആരോഗ്യമുള്ള ശരീരം നിർമ്മിക്കുന്നു

എന്നെ ആലിംഗനം ചെയ്യൂ, ഞാൻ നിന്നെ ആലിംഗനം ചെയ്യാം.

ഞങ്ങൾ ആരോഗ്യമുള്ള ശരീരം നിർമ്മിക്കുന്നു

സൗന്ദര്യം ഐക്യമാണ്

ഞങ്ങൾ ഒന്നിച്ച് പ്രവർത്തിക്കുന്നു

ആരോഗ്യമുള്ള ഒരു ശരീരത്തിന് വേണ്ടി

ഞങ്ങൾ ഒന്നിച്ച് പ്രവർത്തിക്കുന്നു,

ആരോഗ്യമുള്ള ഒരു ശരീരത്തിന് വേണ്ടി

ഐക്യമാണ് ഞങ്ങളുടെ ശക്തി.

ഇത് സമസ്ത ശരീര സ്തോത്രഗീതമായി. ശരീരം ഈ ഗാനം ഇന്നും പാടുന്നു. ഈ ഗീതമാണ് മനുഷ്യനും മൃഗങ്ങളും അല്ലെങ്കിൽ മനുഷ്യനും നേരെ നിൽക്കൽ വിപ്ലവം നിരാകരിച്ചവരും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നത്. അവർ കണ്ടതിന് വിരുദ്ധമായി, നാൽകാലികൾക്ക് ഒരിക്കലും ഈ വിപ്ലവമൊന്നുമുണ്ടാകില്ല. പാട്ടിന്റെ കാര്യം അധിക്ഷേപപരമായിരുന്നു. വായ ഭക്ഷണം കഴിക്കാനുള്ളതാണ്, പാടാനുള്ളതല്ല. അവർ പ്രകൃതിയുടെ യാഥാസ്ഥിതിക കക്ഷിയുണ്ടാക്കി അതിൽ തന്നെ ഉറച്ചു നിന്നു, അവരുടെ സ്വഭാവങ്ങളൊന്നും മാറ്റാതെ.

മനുഷ്യൻ അവയവങ്ങളുടെ ശൃംഖലയിൽ നിന്ന് പാഠങ്ങൾ പഠിക്കുമ്പോൾ അവർക്ക് നന്നായി പ്രവർത്തിക്കാനാകുന്നു. പക്ഷേ അവർ എപ്പോഴാണോ ശരീരത്തെയും തലയെയും യുദ്ധത്തിലെ ഇരുപക്ഷങ്ങളായികാണുന്നത്, അന്ന് അവർ നേരെ നിൽക്കൽ വിപ്ലവത്തെ എതിർത്ത അവരുടെ മൃഗബന്ധുക്കൾക്ക് തുല്യരാകുന്നു.

## ഗൂഗി വ തിയോംഗൊ

ഗൂഗി വ തിയോംഗൊ ഇൻവിനിലിലെ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയി ൽ ഇംഗ്ലീഷിലും താരതമന്യ സാഹിത്യപഠനത്തിലും സമുന്നതനായ പ്രൊഫസറാണ്. 1938–ൽ കെനിയയിലെ ഒരു വലിയ കാർഷിക കുടുംബത്തിൽ ജനിച്ചു. കെനിയയിലെ കമാൻഡുരമാൻഗു, കിനിയോഗരി എന്നിവിടങ്ങളിലെ പ്രാഥമികവിദ്യാലയങ്ങളിലും അലയൻസ് ഹൈസ്കൂളിലും പഠിച്ചു. ലണ്ടൻ യൂണിവേഴ്സ്റ്റിയുടെ കേമ്പസായിരുന്ന ഉഗാണ്ടയിലെ കമ്പാലയിലെ മകേരെരെ യൂണിവേഴ്സിറ്റിയിലും ബ്രിട്ടനിലെ യൂണിവേഴ്സിറ്റി ഓഫ് ലീഡ്സിലും ഉപരിപഠനം നടത്തി. ഡെൻമാർക്ക്, ജർമ്മനി, ബ്രിട്ടൻ, ന്യൂസിലാന്റ്, അമേരിക്ക എന്നിവിടങ്ങളിലെ യൂണിവേഴ്സിറ്റികളിൽ നിന്നും ഓണററി ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. അമേരിക്കൻ അക്കാഡമി ഓഫ് ആർട്സ് ആൻഡ് സയൻസ് അംഗവുമാണ്. നോവൽ രചയിതാവ്, ആഖ്യായികാരൻ, ഉപന്യാസകൻ, നാടകരചയിതാവ്, പത്രലേഖകൻ, ഗ്രന്ഥപരിശോധകൻ എന്നീ നിലകളിലും പ്രസിദ്ധനായ ഒരു ബുദ്ധിജീവിയാണ്.

## വിവർത്തക

ഡോക്ടർ സാജിത മണ്ണുമ്മൽ അഹമ്മത്കുട്ടി കേരളത്തിലെ കോഴിക്കോട് സ്ഥിതി ചെയ്യുന്ന ഫാറൂഖ്കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രാഫസർമാരാണ്. എട്ട് വിദ്യാർത്ഥികൾ അവരുടെ മേൽനോട്ടത്തിൽ പി.എച്ച്.ഡി ചെയ്യുന്നുണ്ട്. ദുബായിലെ അൽ സാധിക് ഇസ്ലാമിക് സ്കൂളിലെ ഇംഗ്ലീഷ് വിഭാഗം മേധാവിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പതിനെട്ടുവർഷത്തെ അധ്യാപക പരിചയമുള്ള സാജിത ദേശീയതലത്തിലും അന്തർദേശീയതലത്തിലും വിവിധ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റിട്ടേൺ ഓഫ് ദി നേറ്റീവ് : ചാലഞ്ചസ് ആന്റ് പ്രോസ്പെക്ട്സ് എന്ന പുസ്തകത്തിന്റെ രചയിതാവാണ്.

(**About the Translator**)

**Dr. Sajitha Mannumel Ahammedkutty** is an Assistant Professor and Research Guide in the Department of English, Farook college, Kerala, India. She obtained Ph.D from the University of Calicut. At present, she is guiding eight research scholars in the Ph.D programme. She has served as the Head of the English Department of Al Sadiq Islamic English School, Dubai – a school following IGCSE curriculum of University of Cambridge International Examinations. As a person interested in travelling and exploring different cultures, she has visited 31 countries and taught students of 19 countries. She has presented and published papers at the National and International levels. She has authored the book titled **The Return of the Native: Challenges and Prospects**. Her areas of interest are Postcolonial Literature, English Language Teaching and Women's Studies.